# Desabhimani
# 21 August 2018
# Thrissur ; After Flood,

## ആളുകൾ വീട്ടിലേക്ക് മടങ്ങിത്തുടങ്ങി

**തൃശൂർ**

തൃശൂർ ജില്ലയിലെ ദൗത്യം പൂർത്തീകരിച്ച് സൈന്യവും എൻഡിആർഎഫും മടങ്ങി. രണ്ടു ഹെലികോപ്റ്ററുകൾ സുരക്ഷക്കായി സേവനം തുടരുന്നുണ്ട്. മറ്റു സുരക്ഷാസന്നാഹങ്ങളുമുണ്ട്. വെള്ളം കുറഞ്ഞ മേഖലകളിൽ ദുരിതാശ്വാസക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് ആളുകൾ മടങ്ങി തുടങ്ങി.

ആയിരക്കണക്കിന് വീടുകൾ വെള്ളംകയറി നശിച്ചു. 700ൽ പരം ക്യാമ്പുകളിലായി രണ്ടുലക്ഷത്തിലേറെ പേർ കഴിഞ്ഞിരുന്നു.

വീടുകളിൽ ശുചീകരണപ്രവൃത്തികൾക്കാണ് ഇപ്പോൾ ഊന്നൽ നൽകുന്നത്. രക്ഷാപ്രവർത്തനത്തിന് രംഗത്തിറങ്ങിയ മത്സ്യതൊഴിലാളികളും മടങ്ങി. പൊലീസ്, ഫയർഫോഴ്സ് ഉൾപ്പടെ എല്ലാ സർക്കാർ സംവിധാനങ്ങളും കൺട്രോൾ റൂമുകളും സജ്ജമായി തുടരുന്നു. ചാലക്കുടി മേഖലയിൽ സ്ഥിതി പൂർണമായും നിയന്ത്രണത്തിലാണ്. വെള്ളംകയറിയ മാളക്കടുത്ത് കുണ്ടൂർ മേഖലയിൽനിന്ന് തിങ്കളാഴ്ച 100പേരെ കൂടി ക്യാമ്പുകളിലേക്ക് മാറ്റി.



**കയ്പമംഗലം കാക്കാത്തുരുത്തിയിൽ ദുരിതാശ്വാസ ക്യാമ്പിൽ നിന്ന് സ്വന്തം വീടിന്റെ സ്ഥിതി അറിയാൻ അരുമയായ നായയേയും കൂട്ടി പോകുന്ന സ്ത്രീ**

ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഭക്ഷണവും മരുന്നും എത്തിക്കുന്നുണ്ട്. ഇതിനിടെ ആമ്പല്ലൂരിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി. ഒല്ലൂർ എടക്കുന്നി തൊട്ടപ്പത്ത് ചന്ദ്രന്റെ (50) മൃതദേഹമാണ് കണ്ടെത്തിയത്.

മാള പുത്തൻവേലിക്കരയിൽ രക്ഷാപ്രവർത്തനത്തിനിടെ ബിടെക് വിദ്യാർഥി മരിച്ചു. കാലടി ശങ്കര കോളേജ് വിദ്യാർഥി ലിജോ ജോർജ് ആണ് മരിച്ചത്.

പെരിങ്ങൽക്കുത്ത് അണക്കെട്ടിന്റെ ഷട്ടറുകളിൽ മരം കുടുങ്ങിയിരുന്നു. കോഴിക്കോട് നിന്നെത്തിയ ഖലാസികൾ ഇവിടെയെത്തി മരങ്ങൾ മുറിച്ചുമാറ്റുന്നത് പുരോഗമിക്കുകയാണ്. ഷോളയാറിൽനിന്ന് പുറത്തിറങ്ങാനാവാതെ കഴിഞ്ഞിരുന്ന കെഎസ്ഇബി ജീവനക്കാരെ ഹെലികോപ്റ്ററിൽ രക്ഷിച്ചു. ആറാട്ടുപുഴ ബണ്ടിന്റെ പുനർനിർമാണം പൂർത്തിയായി. കുട്ടനാട്ടിൽനിന്നുള്ള സംഘമാണ് ബണ്ട് നിർമിക്കുന്നത്.